QP CODE: S9015

Enrollment number : ..........................................

Name : ..........................................

## BA DEGREE EXAMINATION,AUGUST 2023

Second Semester

B21ML01LC - മലയാളസാഹിത്യം : കവിത -കഥ -ഉപന്യാസം - നോവൽ

2022 ADMISSIONS

Time: 3 Hours

Max Marks: 70

### Section A

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ മാർക്ക് വീതം**

1. "ഇംഗ്ലീഷിലെന്നല്ല ലോകത്തിലെ ഏതു ഭാഷയിലെയും ചെറുകഥകളോടു മത്സരിക്കത്തക്ക നല്ല ചെറുകഥകൾ നമ്മുടെ ഭാഷയിൽ ഇന്നുണ്ട്. നിങ്ങൾ എന്തുകൊണ്ടു വായിക്കുന്നില്ല?" ഏതു ചെറുകഥയിലെ സംഭാഷണമാണു് ഇതു്?
2. മനസ്സിലുണ്ടാവട്ടേ ഗ്രാമത്തിൻ വെളിച്ചവും മണവും ----- ഇത്തിരി കൊന്നപ്പൂവും" വിട്ടുപോയ വാക്കു് പൂരിപ്പിക്കുക.
3. 'കൊന്തയും പൂണൂലും' ആരുടെ കവിത?
4. "പായൽച്ചുരുൾ ചുറ്റി ദാഹനീർ തേടാത്ത കായലും തോടുകളുമെവിടെന്റെ മക്കളേ?" ആരുടെ വരികൾ?
5. 2006-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച റഫീക് അഹമ്മദിന്റെ കവിതയുടെ പേരു് ?
6. മകൻ എന്ന കഥ പ്രമേയവൽക്കരിക്കുന്ന പൊതു പ്രശ്നം?
7. ഖബറിൽ നിന്നു പറന്നു വന്ന പ്രാവ് ആരുടെ മൂർദ്ധാവിലാണു് കൊത്തിയതു്?
8. സത്യവും സൗന്ദര്യവും എന്ന ലേഖനം ഏതു പുസ്തകത്തെ അധികരിച്ചാണു് മാരാര് എഴുതിയതു്?
9. ആദ്യ കേരള മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രി ആരു്?
10. ' സാമൂഹികവും ചരിത്രപരവുമായ അധികാരത്തെ പിടിച്ചടക്കലായിരുന്നു അതു്. ' ഏതു്?
11. 'ഒരു നോവൽ ബുക്ക് ഏകദേശം ഇംഗ്ലീഷ് നോവൽ ബുക്കുകളുടെ മാതൃകയിൽ എഴുതാമെന്ന് നിശ്ചയിച്ച' എഴുത്തുകാരൻ ആരു്?
12. കൊലപാതകത്തിനു ശമ്പളം ലഭിക്കുന്ന ഏക ഇടം പട്ടാളമാണെന്നു തിരിച്ചറിയുന്ന കഥാപാത്രം ഏതു്?
13. ഏതു ജില്ലയിലെ ആദിവാസികളുടെ കഥയാണു് കൊച്ചരേത്തി?
14. "ഏതു ഭാഷക്കാരനും ഏതു ചൊവ്വാ ഗ്രഹവാസിക്കും ആശയം മനസ്സിലാകും." ഏതു കഥയിലെ പ്രസ്താവനയാണ് ഇതു്?
15. 'കോലാട്' എന്ന കഥയിലെ വീട്ടമ്മയെ ബാധിച്ച രോഗമേതു്?

**(1x10=10)**

## Section B

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം**

16. "ഭൂമിയെ അവിടെത്തന്നെ വെച്ചേക്കണേ" എന്നു പറയാൻ കാരണമെന്തു്?
17. ഒളിച്ചു കളിയുടെ ലഹരിയിൽ കണ്ടുപിടിക്കാൻ മറന്നുപോയ ആളെക്കുറിച്ചു് ആൾമറയിലെ നിരീക്ഷണമെന്തു്?
18. "പായൽച്ചുരുൾ ചുറ്റി ദാഹനീർ തേടാത്ത കായലും തോടുകളുമെവിടെന്റെ മക്കളേ?" ഇങ്ങനെ പറയുന്നതെന്തുകൊണ്ടു്?
19. "ഈ മണി തനിച്ചു പാടുമ്പൊളിപ്പോഴും ജീവചൈതന്യമുണരുന്നു."--ആശയം വിശദമാക്കുക.
20. കുട്ടിക്കാലത്തെ ഓർമ്മകളെ വിഷുക്കണി എന്ന കവിതയിൽ ആവിഷ്കരിക്കുന്നതെങ്ങനെ?
21. മാത്യുവിന്റെ ജന്മദിനാശംസയിലെ വൈരുദ്ധ്യമെന്തു്?
22. വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ടപ്പോഴും പട്ടി യജമാനനോടു കൂറുപുലർത്തിയതെങ്ങനെ?
23. സത്യസൗന്ദര്യങ്ങളുടെ ഐക്യത്തെപ്പറ്റി മാരാരുടെ നിരീക്ഷണമെന്തു്?
24. ദുർഗുണ പരിഹാര പാഠശാലയിൽ നിന്നു് ദുർഗുണങ്ങൾ പഠിച്ചവനാണു് മുത്തയ്യ--വിശദീകരിക്കുക.
25. “അയ്യോ! പരിപ്പ് കരിയ്ണ്ട് തോന്ന്ണു.”--സന്ദർഭവും സാംഗത്യവും വിശദമാക്കുക

**(2x5=10)**

## Section C

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

26. അജയ്യനായ മനുഷ്യന്റെ പ്രപഞ്ചവീക്ഷണത്തിലെ ഫ്യൂഡൽ ബിംബങ്ങളെ എനിക്കു മരണമില്ല എന്ന കവിത ആവിഷ്കരിക്കുന്നതെങ്ങനെ?
27. വെള്ളപ്പൊക്കം മനുഷ്യരുടേതെന്ന പോലെ മൃഗങ്ങളുടെ ജീവിതവും ദുസ്സഹമാക്കുന്നതിന്റെ നേർചിത്രമാണു് തകഴി ആവിഷ്കരിക്കുന്നതു്--വിശദമാക്കുക.
28. ഗോത്രജീവിതത്തെ അവരിൽ നിന്നൊരാൾ അവതരിപ്പിക്കുമ്പോൾ ആഖ്യാനത്തിനു മിഴിവു കൂടും--കൊച്ചരേത്തിയെ ആധാരമാക്കി വിവരിക്കുക.
29. നോവലിനു് എ മൈനസ് ബി എന്ന പേരു് സ്വീകരിക്കാനിടയായ കഥാസന്ദർഭമെന്തു്?
30. സ്വാഭാവികത നഷ്ടപ്പെട്ട പ്രകൃതിയാണു് കാടെവിടെ മക്കളെ എന്ന കവിതയുടെ പ്രതിപാദ്യം--ചർച്ചചെയ്യുക.
31. മാനവികതാ ദർശനമാണു് ശ്രീനാരായണ ഗുരുവിന്റെ പ്രധാന സവിശേഷത എന്ന കെ.പി. അപ്പന്റെ നിരീക്ഷണത്തെ വിലയിരുത്തുക.
32. എഴുത്തുകാരൻ സമൂഹജീവി കൂടിയാണു്--മുണ്ടശ്ശേരിയുടെ ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനമെന്തു്?
33. പ്രതികരണശേഷി നഷ്ടപ്പെട്ട ജനതയെയാണു് ദൽഹി 1981 എന്ന കഥയിലൂടെ മുകുന്ദൻ വരച്ചുകാട്ടുന്നതു്--സ്വമതം വ്യക്തമാക്കുക
34. അളവുകൾ എന്ന കഥയെ ഹെൽമെറ്റിനെക്കുറിച്ചുള്ള പരാമർശം ഭാവസാന്ദ്രമാക്കുന്നതെങ്ങനെ?
35. പ്രകൃതിയെ കീഴടക്കി എന്നഹങ്കരിച്ചു് സാംസ്ക്കാരികസ്വത്വം നഷ്ടപ്പെടുത്തുന്ന മനുഷ്യനെക്കുറിച്ചുള്ള ആകുലതകൾ വിഷുക്കണിയിൽ പ്രത്യക്ഷമാവുന്നതെങ്ങനെ?
36. അനുഭവങ്ങളുടെ തീക്ഷ്ണതയാണു് ബഷീറിന്റെ കഥകളുടെ കരുത്തു്--ജന്മദിനം എന്ന കഥയെ മുൻ നിർത്തി ചർച്ച ചെയ്യുക
37. രചനാരീതിയുടെ സവിശേഷതകളാണു് ടി. പദ്മനാഭന്റെ കഥകളെ ശ്രദ്ധേയമാക്കുന്നതു്. പാഠ്യഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

**(5x6=30)**

## Section D

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരം എഴുതുക. പത്ത് മാർക്ക് വീതം**

38. നവോത്ഥാന ചെറുകഥയുടെ സവിശേഷതകൾ ജന്മദിനം, വെള്ളപ്പൊക്കത്തിൽ എന്നീ കഥകളെ ആധാരമാക്കി ഉപന്യസിക്കുക.
39. പ്രമേയ വൈവിദ്ധ്യം ആധുനിക കവിതകളുടെ മുഖമുദ്രയാണു്--ആൾമറ, ഇൻസ്റ്റലേഷൻ എന്നീ കവിതകളെ മുൻനിർത്തി ചർച്ചചെയ്യുക.
40. സ്ത്രീപക്ഷ വിമർശനം എന്ന നിലയിൽ കാളിദാസനും കാലത്തിന്റ ദാസൻ എന്ന രചനയെ വിലയിരുത്തുക
41. പാർശ്വവല്കൃതരുടെ അനുഭവങ്ങളും കാഴ്ചപ്പാടുകളും മുഖ്യധാരാ സാഹിത്യത്തിന്റെ ഭാഗമായിത്തുടങ്ങിയതിന്റെ സദ്ഫലമാണു് നാരായന്റെ രചനകൾ--ചർച്ചചെയ്യുക

**(10x2=20)**